STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.227/PR/SPMC/PHQ/2025 Date: 12.08.2025

## ഗാർഹിക അതിക്രമം തടയുന്നത് സംബന്ധിച്ച് ശിൽപ്പശാല നാളെ

കേരള പോലീസും സംസ്ഥാന വനിതാ വികസന കോർപ്പറേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ഏകദിന ശിൽപ്പശാല **ബ്രിഡ്ജിങ് ദി ഗ്യാപ്സ്** ആഗസ്റ്റ് 13 (ബുധനാഴ്ച്ച) തിരുവനന്തപുരത്ത് തൈക്കാടുള്ള പോലീസ് ട്രെയിനിങ് കോളേജിലെ മൈൻഡ് ഓഡിറ്റോറിയത്തിൽ നടക്കും.

സ്ത്രീകൾക്ക് എതിരെയുള്ള ഗാർഹിക അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഏകദിന ശിൽപ്പശാലയാണ് **ബ്രിഡ്ജിങ് ദി ഗ്യാപ്സ്.**

ബുധനാഴ്ച രാവിലെ 10മണിക്ക് ആരംഭിക്കുന്ന ചടങ്ങ് പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്. ശ്രീജിത്ത് ഉദ്ഘാടനം ചെയ്യും. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ബിന്ദു വി.സി മുഖ്യപ്രഭാഷണം നടത്തും.

രാവിലെ 11 മണിമുതൽ ആരംഭിക്കുന്ന ശിൽപ്പശാലയിൽ ഗാർഹിക അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും ഇരയ്ക്ക് നീതി ലഭിക്കുന്നതിനും ഇത്തരത്തിലുള്ള അതിക്രമങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നിയമവശങ്ങളെപ്പറ്റിയും സംവാദങ്ങൾ നടക്കും.

തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജി എസ് അജീത ബീഗം, കെ.എസ്.ഡബ്ള്യു.ഡി.സി എം.ഡി ബിന്ദു വി.സി, നിർഭയ സെൽ സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീല മേനോൻ, ഗവൺമെന്റ് ലോ കോളേജ് റിട്ട. പ്രൊഫസർ മനോജ് കൃഷ്ണ, വിവിധ സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും കെ. അജിത, അനീഷിയ, അഡ്വ. ജെ.സന്ധ്യ, ആർ. പാർവ്വതി ദേവി എന്നിവർ സംവാദങ്ങളിൽ പങ്കെടുക്കും.

****************************